# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 281

18/02/2013 - ലെ മറുപടിയ്ക്ക്

## കൂടുതൽ വിളകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശി<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.രാജു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| സംസ്ഥാനം അതിരൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ ഏതൊക്കെ വിളകൾക്കുകൂടി പുതുതായി ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ? | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിന്റെ പ്രധാനപ്പെട്ട കാർഷിക വിളകളായ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് തുടങ്ങിയ 25 ഓളം വിളകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നുണ്ട്. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖരീഫ്, റാബി എന്നീ രണ്ടു സീസണുകളിലായി, പ്രഖ്യാപിക്കുന്ന വിളകൾക്ക് പ്രഖ്യാപിത പ്രദേശങ്ങളിൽ ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പുവരുത്തുന്നു. 2012 ഖരീഫ് സീസണിൽ നെല്ല്, കുരുമുളക് എന്നിവയ്ക്കും 2012 റാബി സീസണിൽ വേനൽക്കാല നെൽകൃഷി (പാലക്കാട്), കശുമാവ് എന്നീ വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്. നാളികേര വിള ഇൻഷ്വറൻസ് പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കുന്നു. കൂടാതെ നെൽകൃഷിക്കായി സമഗ്ര നെൽകൃഷി ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br><br>ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ ആറു വിളകളെ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 20/12/2012 - ന് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ, പുതുതായി താഴെപ്പറയുന്ന വിളകളെക്കൂടി ഒരോ ജില്ലയിലും വിളകളുടെ കൃഷി വിസ്തൃതിയെ |

അടിസ്ഥാനമാക്കി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | നെല്ല് | - | എല്ലാ ജില്ലകളിലും |
| 2 | തെങ്ങ് | - | എല്ലാ ജില്ലകളിലും |
| 3. | വാഴ | - | എല്ലാ ജില്ലകളിലും |
| 4. | കമുക് | - | മലപ്പുറം, കണ്ണൂർ ജില്ലകളിൽ |
| 5. | കുരുമുളക് | - | എല്ലാ ജില്ലകളിലും |
| 6. | കശുമാവ് | - | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം. |
| 7. | ഇഞ്ചി | - | ഇടുക്കി, വയനാട്, പാലക്കാട് |
| 8 | മഞ്ഞൾ | - | ഇടുക്കി, വയനാട്, പാലക്കാട് |
| 9 | പൈനാപ്പിൾ | - | എറണാകുളം, കോട്ടയം |
| 10 | കരിമ്പ് | - | പാലക്കാട്, പത്തനംതിട്ട, ഇടുക്കി |
| 11 | ഏലം | - | ഇടുക്കി |
| 12 | റബ്ബർ | - | എല്ലാ ജില്ലകളിലും |
| 13 | കാപ്പി | - | വയനാട്, ഇടുക്കി |
| 14 | തേയില | - | പാലക്കാട്, വയനാട്, ഇടുക്കി, കോട്ടയം |
| 15 | കൊക്കോ | - | ഇടുക്കി, കോട്ടയം |
| 16 | വെറ്റില | - | തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കൊല്ലം |
| 17 | മാവ് | - | പാലക്കാട്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം |
| 18 | പച്ചക്കറികൾ | - | വി.എഫ്.പി.സി.കെ.യുടെ നിർദ്ദേശമനുസരിച്ചുള്ള കൃഷിയിടങ്ങൾ |

സെക്ഷൻ ഓഫീസർ